**ഉത്തരത്തിൽ തിരുത്ത്**

മി. സ്പീക്കർ : പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 158, 323 എന്നീ നമ്പർ ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3949 നമ്പർ ചോദ്യത്തിനും പതിമൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 316-ാം നമ്പർ ചോദ്യത്തിനും നൽകിയ ഉത്തരങ്ങളിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റുകൾ ബഹുമാനപ്പെട്ട വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്ക് മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം 4(3) പ്രകാരമുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : പതിമൂന്നാം കേരള നിയമസഭയുടെ 10-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 241-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട ആഭ്യന്തരവും

വിജിലൻസും വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

തിരുത്തിയ ഉത്തരം

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പതിമൂന്നാം കേരള നിയമസഭയുടെ 10-ാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 241-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ഉത്തരത്തിലെ തിരുത്തനുസരിച്ചുള്ള കടലാസ്സുകളല്ല മേശപ്പുറത്തുവച്ചത്. കാര്യവിവരപ്പട്ടിക യിലെ ഇനം 4 പ്രകാരമുള്ള കടലാസ്സുകളാണ് മേശപ്പുറത്തുവച്ചത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രിയുടെ പ്രസ്താവന

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ക്ഷമിക്കണം, ആദ്യം കടലാസ്സുകൾ മാറിപ്പോയതാണ്. പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 158, 323 എന്നീ നമ്പർ ചോദ്യങ്ങൾക്കും

നക്ഷത്രചിഹ്നമിടാത്ത 3949 നമ്പർ ചോദ്യത്തിനും പതിമൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 316-ാം നമ്പർ ചോദ്യത്തിനും നൽകിയ ഉത്തരങ്ങളിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റുകൾ ഞാൻ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.